പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126 — 8-6-2018 ലെ മറുപടിക്ക്

## സ്വാഭാവിക റബ്ബറിന്റെ വില വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>" വി.ഡി.സതീശൻ<br>" കെ.സി.ജോസഫ്<br>" വി.ടി.ബൽറാം | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) സ്വാഭാവിക റബ്ബറിന്റെ ഉപഭോഗം കൂട്ടുന്നതിനും നിയന്ത്രണങ്ങൾ ഒഴിവാക്കി കയറ്റുമതി വർദ്ധിപ്പിക്കുക വഴി സ്വാഭാവിക റബ്ബറിന്റെ വില വർദ്ധിപ്പിക്കുന്നതിനുമുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികൾ സംസ്ഥാനത്തെ റബ്ബർ കർഷകരുടെ താല്പര്യങ്ങൾക്ക് അനുയോജ്യമാണോ; വ്യക്തമാക്കാമോ; | (എ) ഉണ്ട് ; സംസ്ഥാന 'കൃഷി വകുപ്പ് മന്ത്രി കേന്ദ്ര വാണിജ്യകാര്യ മന്ത്രിയുമായി നടത്തിയ ചർച്ചയുടെ ഫലമായി സ്വാഭാവിക റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹാരങ്ങൾ നിർദ്ദേശിക്കുവാനുമായി "ടാസ്ക്ഫോഴ്സ് ഓൺ റബ്ബർ" രൂപീകരിക്കുകയുണ്ടായി. കേരള ചീഫ് സെക്രട്ടറി അധ്യക്ഷനും ത്രിപുര ചീഫ് സെക്രട്ടറി സഹ അധ്യക്ഷനും ആയി രൂപീകരിച്ച ടാസ്ക് ഫോഴ്സിൽ കേരള ത്രിപുര സർക്കാർ പ്രതിനിധികളും കേന്ദ്ര സർക്കാരിന്റെ പ്രതിനിധികളും റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറും ഉൾപ്പെടുന്നു. പ്രസ്തുത ടാസ്ക് ഫോഴ്സിന്റെ രണ്ട് യോഗങ്ങൾ നടന്നു. ആദ്യത്തേത് തിരുവനന്തപുരത്ത് വച്ചും രണ്ടാമത്തേത് ന്യൂഡൽഹിയിൽ വച്ചുമാണ് നടന്നത്. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഹ്രസ്വകാല പരിഹാര മാർഗ്ഗങ്ങളും റബ്ബറുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലേയും വികസന ത്തിനായി ദീർഘകാല തന്ത്രങ്ങളും ഉണ്ടാക്കുകയും |

| | |
|---|---|
| | രാജ്യത്ത് ഒരു റബ്ബർ പോളിസി രൂപീകരിക്കുകയും ചെയ്യുക എന്നതാണ് ടാസ്ക് ഫോഴ്സിൽ കൂടി കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്.<br>ചിരട്ടപ്പാൽ ഇറക്കുമതിക്ക് ഏർപ്പെടുത്തിയിട്ടുള്ള നിരോധനം തുടരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന കൃഷി വകുപ്പ് മന്ത്രി കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിക്ക് കത്തയച്ചിരുന്നു. ഇക്കാര്യം പരിശോധിച്ചുവരികയാണെന്ന് കേന്ദ്ര സർക്കാരിൽ നിന്നു മറുപടി ലഭിച്ചിട്ടുണ്ട്. |
| (ബി) ടയർ ലോബി കർഷകരെ ചൂഷണം ചെയ്യുന്നതാണ് വില താഴ്ന്ന് നിൽക്കുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) റബ്ബർ വില താഴുന്നതിനുള്ള പല കാരണങ്ങളിലൊന്ന് ടയർ ലോബിയുടെ സമ്മർദ്ദമാണ്. |
| (സി) യാതൊരു നിയന്ത്രണവുമില്ലാതെയുള്ള റബ്ബർ ഇറക്കുമതി സംസ്ഥാനത്തെ റബ്ബർ കർഷകന്റെ ജീവിതം ദുസ്സഹമാക്കിയെന്നും റബ്ബർ വില്പനയിൽ നിന്ന് ലഭിക്കുന്ന തുക കൂലിച്ചെലവിന് മാത്രമെ തികയൂ എന്നും വസ്തുതയാണെന്ന് കരുതുന്നുണ്ടോ; | (സി) ഉണ്ട് |
| (ഡി) മുൻ സർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി പ്രകാരം 2016-17, 2017-18 കാലയളവിൽ എത്ര തുകയാണ് കർഷകർക്ക് നൽകിയത്; | (ഡി)റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 410.13 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 225.06 കോടി രൂപയും സബ്സിഡിയായി റബ്ബർ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) ഈ പദ്ധതിയനുസരിച്ച് റബ്ബർ വില കിലോക്ക് 200 രൂപ ആക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകുമോ ; വിശദമാക്കുമോ? | റബ്ബറിന്റെ താങ്ങ് വില 150-ൽ നിന്നും 200 രൂപ ആക്കി വർദ്ധിപ്പിക്കുന്നതിനാവശ്യമായ കേന്ദ്ര സഹായം ലഭ്യമാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്രത്തിൽ നിന്നും അനുകൂല മറുപടി ലഭ്യമായിട്ടില്ല. |

അണ്ടർ സെക്രട്ടറി